

# കറുപ്പിനഴക്

കാക്കച്ചിയമ്മയും വെള്ളക്കൊക്കും
കുറുവൻ മലചുറ്റിക്കാണ്മാൻ പോയി
കുളിരരുവി കണ്ടു താഴ്ന്നിറങ്ങി
കളി തുടങ്ങീയവർ രണ്ടുപേരും

കുളി നിർത്തി കൊക്കമ്മ ചൊല്ലി പോലും
കാക്കേ നീയൊട്ടും വെളുത്തിട്ടില്ല.
അരുവിയിൽ നീന്തിത്തുടിച്ചെന്നിട്ടും
കരയിലെ മണലിലുരുണ്ടെന്നിട്ടും
തൂവൽ പൊഴിഞ്ഞു പോയെന്നല്ലാതെ
കാക്കക്കറുപ്പൊട്ടും പോയതില്ല.

കൊക്കമ്മ കണ്ണാൽ കളിയാക്കുമ്പോൾ
കാക്ക പറഞ്ഞുപോലിപ്രകാരം
കൊക്കേ നിനക്കോരഴകുമാത്രം
കാക്കക്കറുപ്പിനുണ്ടേഴഴക്!

കുട്ടികളിക്കഥ കേട്ടിടുമ്പോൾ
കിട്ടുമറിവിതൊന്നോർത്തിടേണം
മറ്റുള്ളോരെക്കണ്ടനുകരിച്ചാൽ
മുറ്റുന്ന കഷ്ടങ്ങൾ വന്നു ചേരും.

• ഭാനുമതി മേനോൻ

ഇന്ത്യയിലെ ആദ്യ ഇ– തുറമുഖം– കൊച്ചി